ഉത്തരം

(എ) ഉണ്ട്. 2005-ലെ കാലവർഷക്കെടുതിമൂലം കോഴിക്കോട് ജില്ലയിലെ ഏറത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട പഞ്ചായത്തുകളിൽ ഉണ്ടായ കൃഷിനാശത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

ഏലത്തൂർ	–	38,750	രൂപ
ഉള്ളിയേരി	–	55,000	,,
അത്തോളി	–	1,00,000	,,
തലക്കളത്തൂർ	–	3,61,000	,,
ബാലുശ്ശേരി	–	17,500	,,
പനങ്ങാട്	–	8,16,580	,,
നന്മണ്ട	–	25,000	,,

(ബി) ഇല്ല. നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടി യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്നു. പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽനിന്നും തുക ലഭിച്ചാലുടൻ വിതരണം ചെയ്യുന്നതാണ്.

വോർക്കാടി കൃഷി വിജ്ഞാനകേന്ദ്രം നവീകരിക്കുന്നതിന് നടപടി

99 [2853] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം വോർക്കാടി കൃഷി വിജ്ഞാനകേന്ദ്രം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കൃഷിയുമായി ബന്ധപ്പെട്ട കോഴ്സുകൾ ഈ സ്ഥാപനത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കൃഷി വികസനത്തിനായുള്ള പഠനം കൃത്യമായി നടത്തുന്നതിനും, കൃഷിക്കാരെ ഉത്ബോധിപ്പിക്കുന്നതിനും ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) ഈ കേന്ദ്രത്തിൽ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്ന എല്ലാ ഒഴിവുകളും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ഉപകേന്ദ്രമായി പുനർനാമകരണം ചെയ്യപ്പെട്ട വോർക്കാടി കൃഷി വിജ്ഞാന ഉപകേന്ദ്രത്തിന് പുതുക്കിയ കർമ്മ പദ്ധതി തയ്യാറാക്കി വരികയാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കേന്ദ്രത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വോർക്കാടി ഉപകേന്ദ്രത്തിൽ കൃഷിയുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കാനുള്ള അടിസ്ഥാനസൗകര്യങ്ങളില്ല. തന്നെയുമല്ല, കാസർകോഡ് ജില്ലയിൽ പടന്നക്കാട് കാർഷിക കോളേജും നീലേശ്വരത്ത് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) വോർക്കാടി ഉപകേന്ദ്രത്തിൽ ഏറ്റെടുത്ത് നടത്തേണ്ട വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച കർമ്മപദ്ധതി ആവിഷ്കരിച്ചു വരുന്നു.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ കേന്ദ്രത്തിൽ ആവശ്യമായ ജീവനക്കാരെയും ശാസ്ത്രജ്ഞരെയും നിയോഗിക്കുന്നതാണ്.

പേരാമ്പ്ര മണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം

100 [2854] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജൂലൈ മാസത്തിലുണ്ടായ പേമാരിയിലും ഉരുൾപൊട്ടലിലും പേരാമ്പ്ര മണ്ഡലത്തിലെ ചെമ്പനോട, പുഴിത്തോട് പ്രദേശങ്ങളിലുണ്ടായ കൃഷിനാശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയുടെ നഷ്ടം ഉണ്ടായി;

(സി) കൃഷിയും ഭൂമിയും നഷ്ടപ്പെട്ടവർക്ക് സഹായം നൽകാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഓരോ വിളയുടെയും നാശത്തിന് നൽകുന്ന നഷ്ടപരിഹാരത്തിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) കൃഷിയും ഭൂമിയും പൂർണ്ണമായും നഷ്ടപ്പെട്ട കൃഷിക്കാരുടെ ദയനീയാവസ്ഥ പരിഗണിച്ച് മാനദണ്ഡത്തിൽ മാറ്റംവരുത്തി കൂടുതൽ ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 30 ലക്ഷം രൂപയുടെ കൃഷിനാശം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) ഉരുൾപൊട്ടൽമൂലം കൃഷിനാശം സംഭവിച്ചവർക്ക് വിളനാശം തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകി വരുന്നു. ചക്കിട്ടപ്പാറ പഞ്ചായത്തിൽ ഇതേവരെ പരിശോധന പൂർത്തീകരിച്ച 230 കർഷകരുടെ നഷ്ടപരിഹാരത്തുകയായ 2,97,684 രൂപ ഉടനടി വിതരണം ചെയ്യുന്നതാണ്. ഭൂമി നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly